**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **30-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; സി.ആർ.എഫ് റോഡുകൾക്ക് സംസ്ഥാന സർക്കാർ തുക വകയിരുത്തേണ്ടതുണ്ടോ; വിശദമാക്കാമോ; | (എ) | പെട്രോളിന്റെയും ഹൈ സ്പീഡ് ഡീസൽ ഓയിലിന്റെയും സംസ്ഥാനങ്ങളുടെ വ്യാപാരത്തിൽ കേന്ദ്ര സർക്കാർ പിരിക്കുന്ന സെസ് തുകയിൽ നിന്നും സംസ്ഥാന വിഹിതം കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും കണക്കാക്കുന്നു. ഓരോ സംസ്ഥാനത്തിന്റെയും ഇന്ധന ഉപഭോഗത്തിന് 30% വെയിറ്റേജും വിസ്തീർണ്ണത്തിന്റെ 70% വെയിറ്റേജും അടിസ്ഥാനമാക്കിയാണ് സംസ്ഥാന വിഹിതം അനുവദിക്കുന്നത്. സംസ്ഥാന സർക്കാർ തുക വകയിരുത്തേണ്ടതില്ല. |
| (ബി) | കേന്ദ്ര റോഡ് ഫണ്ടിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് ആരാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കാമോ; ഏതൊക്കെ സമയങ്ങളിലാണ് ആയവ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം CRIF സ്കീമിൽ ഉൾപ്പെടുത്തുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾ അതാത് സ്ഥലത്തെ ദേശീയപാത വിഭാഗം എഞ്ചിനീയർമാർ പരിശോധിച്ച് CRIF സ്കീമിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ രേഖകൾ സഹിതം ജില്ല തിരിച്ച് പട്ടിക തയ്യാറാക്കി നൽകുകയും അവ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്ന പട്ടികയിൽ നിന്നാണ് കേന്ദ്ര സർക്കാർ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നത്. എല്ലാ സാമ്പത്തിക വർഷവും പട്ടിക തയ്യാറാക്കി സമർപ്പിക്കാറുണ്ട് |
| (സി) | സംസ്ഥാന സർക്കാർ നൽകുന്ന മുൻഗണനാ ക്രമമനുസരിച്ചാണോ കേന്ദ്ര റോഡ് ഫണ്ട് അനുവദിക്കുക എന്നറിയിക്കാമോ; ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണോ; വിശദമാക്കാമോ; | (സി) | സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പട്ടികയിൽ നിന്നും കേന്ദ്രം അംഗീകാരം നൽകുകയാണ് രീതി. |
| (ഡി) | 2021-22 വർഷത്തെ കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തെ ഏതെല്ലാം റോഡുകൾക്കാണ് തുക | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് ഒരു |

| | | | |
|---|---|---|---|
| | അനുവദിച്ചതെന്ന് ലോകസഭാ മണ്ഡലങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; വയനാട് ലോകസഭാ മണ്ഡലത്തിൽ മാത്രം ഭൂരിഭാഗം ഫണ്ടും അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; കേന്ദ്ര റോഡ് ഫണ്ടിന്റെ സപ്ലിമെന്ററി ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാനുണ്ടോ; | | പ്രവർത്തിക്കും അംഗീകാരം ലഭിച്ചിട്ടില്ല. |
| (ഇ) | കേന്ദ്ര റോഡ് ഫണ്ടിനായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും റോഡുകളുടെയോ പാലങ്ങളുടേയോ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ; നിലമ്പൂർ ഉൾപ്പെടുന്ന ഭാഗത്തെ പ്രവൃത്തികൾക്കായുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കാമോ? | (ഇ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്നും CRIF സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. CRIF സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ സമർപ്പിക്കുന്നത് ദേശീയപാത വിഭാഗം ഉദ്യോഗസ്ഥരാണ്. |

സെക്ഷൻ ഓഫീസർ